പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
നിയമസഭാ ചോദ്യം നം. ***300**

13.03.2018-ൽ
മറുപടിക്ക്

തദ്ദേശസ്ഥാപനങ്ങളുടെ വരുമാനം കൂട്ടാനുള്ള അഞ്ചാം ധനകാര്യ കമ്മീഷന്റെ ശിപാർശകൾ

ചോദ്യം	ഉത്തരം
ശ്രീ.മോൻസ് ജോസഫ് ,, റോഷി അഗസ്റ്റിൻ ,, പി.ജെ.ജോസഫ് ഡോ.എൻ. ജയരാജ്	ഡോ. കെ. ടി. ജലീൽ (തദ്ദേശസ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി)
എ) തദ്ദേശസ്ഥാപനങ്ങളുടെ വിഹിതവും വരുമാനവും കൂട്ടാനുള്ള അഞ്ചാം ധനകാര്യ കമ്മീഷന്റെ പൊതുവായ ശിപാർശകൾ വ്യക്തമാക്കുമോ;	എ) പ്രാദേശിക സർക്കാരുകളുടെ വിഹിതം കൂട്ടുന്നതിനെ സംബന്ധിച്ച് അഞ്ചാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ 1 മുതൽ 30 വരെയുള്ള ശുപാർശകളും, വരുമാനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് 32 മുതൽ 58 വരെയുള്ള ശിപാർശകളും അനുബന്ധമായി ചേർക്കുന്നു.
ബി) അഞ്ചാം ധനകാര്യ കമ്മീഷന്റെ ശിപാർശകൾ സർക്കാർ ഉത്തരവായി പുറത്തിറക്കിയിട്ടുണ്ടോ;	ബി) 2017 ഓഗസ്റ്റ് 19 ലെ സ.ഉ.(കൈ) നം. 407/2017/ധന ഉത്തരവ് പ്രകാരം അഞ്ചാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശുപാർശയിൻമേൽ ഉത്തരവായിട്ടുണ്ട്.
സി) അഞ്ചാം ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരം കെട്ടിട നികുതി എത്ര ശതമാനം ആയി വർദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; ഇത് ജനങ്ങൾക്ക് അധികനികുതി ഭാരമായി വരുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ?	സി) സംസ്ഥാന ധനകാര്യ കമ്മീഷൻ റിപ്പോർട്ടിന്മേലുള്ള തീരുമാനത്തിൽ കെട്ടിട നികുതി വർഷം തോറും 5% വർദ്ധിപ്പിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇത് ജനങ്ങൾക്ക് അധികനികുതി ഭാരമായി വരുമോയെന്ന് പരിശോധിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ

അനുബന്ധം

പ്രാദേശിക സർക്കാരുകളുടെ വിഹിതം കൂട്ടുന്നതിനെ സംബന്ധിച്ച് അഞ്ചാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശിപാർശകൾ

1. യൂണിയൻ ധനകാര്യ കമ്മീഷന്റെ സമീപനം പിന്തുടരുന്നതിനും പണം കൈമാറുന്ന വർഷത്തിനുവേണ്ടി തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽധനവിന്യാസം നടത്തുന്നതിനും കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്.

2. കമ്മീഷൻ റിപ്പോർട്ടിലെ അപ്പെൻഡിക്സ് 10.1 പ്രകാരമുള്ള തുക അവാർഡ് കാലയളവിൽവർഷംതോറും ഓരോ പ്രാദേശിക സർക്കാരിനും നൽകുന്നതിന് കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്.

3. സംസ്ഥാനത്തിന്റെ മൊത്തം തനത് നികുതി വരുമാനം/സംസ്ഥാന പദ്ധതി അടങ്കലിന്റെ അടിസ്ഥാനത്തിലാണ് മുൻ സംസ്ഥാന ധനകാര്യ കമ്മീഷനുകൾധനവിന്യാസം നടത്തിയിരുന്നത്. നികുതി പിരിക്കുന്നതുമായി ബന്ധപ്പെട്ട ചെലവുകൾകുറച്ചതിനു ശേഷമുള്ള സംസ്ഥാനത്തിന്റെ അറ്റ തനതു നികുതി വരുമാനത്തിന്റെ അടിസ്ഥാനത്തിൽധനവിന്യാസം നടത്തുന്നതിന് കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്.

4. പതിനാലാം ധനകാര്യ കമ്മീഷൻ സിവിക് സർവീസസിന് നൽകിയിട്ടുള്ള ഗ്രാന്റ് ധന വിന്യാസത്തിനുപരിയായി പ്രത്യേക ഗ്രാന്റായി കൈമാറ്റം ചെയ്യേണ്ടതാണെന്ന് കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്.

5. സംരക്ഷണ ഫണ്ട് കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളുടെയും പ്രാദേശിക സർക്കാരുകളുടെയും റോഡ് റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് മാത്രമായി ഉപയോഗിക്കേണ്ടതാണ് എന്ന് കമ്മീഷൻശുപാർശ ചെയ്തിട്ടുണ്ട്.

6. സംസ്ഥാന തനതു നികുതി വരുമാനം (SOTR) സംബന്ധിച്ച് കമ്മീഷൻനടത്തിയിട്ടുള്ള പ്രക്ഷേപണം (projection) അടിസ്ഥാനമാക്കി ധനവിന്യാസം നടത്താൻകമ്മീഷൻ ശുപാർശ ചെയ്തു. സംസ്ഥാനത്തിന്റെ വാർഷിക അറ്റ തനതു വരുമാനത്തിന്റെ 20% വരുന്ന തുക ടി (t) അടിസ്ഥാനത്തിൽ പ്രാദേശിക സർക്കാരുകൾക്ക് 2016-17 ൽ കൈമാറ്റം ചെയ്യണമെന്ന് കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്. തുടർന്നുള്ള വർഷങ്ങളിൽ ഇത് ഒരു ശതമാനം വീതം വർദ്ധിപ്പിക്കാനും കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്.

7. സംസ്ഥാന തനതു നികുതി വരുമാനം (SOTR) സംബന്ധിച്ച് കമ്മീഷൻനടത്തിയിട്ടുള്ള പ്രക്ഷേപണം അടിസ്ഥാനമാക്കി സംസ്ഥാനത്തിന്റെ വാർഷിക അറ്റ തനതു നികുതി വരുമാനത്തിന്റെ 3.5% തുക പ്രാദേശിക സർക്കാരുകൾക്ക് പൊതു ആവശ്യ ഫണ്ടായി ടി (t) അടിസ്ഥാനത്തിൽ അവാർഡ് കാലയളവിൽ നൽകണമെന്ന് കമ്മീഷൻ ശുപാർശ ചെയ്യുന്നു. ഈ തുക കമ്മീഷൻ

റിപ്പോർട്ടിലെ ഖണ്ഡിക 10.35 ലും 10.36 ലും പറയുന്ന കാര്യങ്ങൾക്ക മാത്രമേ ചെലവഴിക്കാവൂ എന്നും കമ്മീഷൻ നിഷ്കർഷിച്ചിട്ടുണ്ട്.

8. സംസ്ഥാന തനതു നികുതി വരുമാനം സംബന്ധിച്ച് കമ്മീഷൻ നടത്തിയിട്ടുള്ള പ്രക്ഷേപണം അടിസ്ഥാനമാക്കി സംസ്ഥാനത്തിന്റെ വാർഷിക അറ്റ നികുതി വരുമാനത്തിന്റെ 5.5% തുക പ്രാദേശിക സർക്കാരുകൾക്ക് സംരക്ഷണ ഫണ്ടായി ടി (t) അടിസ്ഥാനത്തിൽ2016-17 വർഷം നൽകണമെന്ന് കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്. തുടർന്നുള്ള വർഷങ്ങളിൽ ഇത് 6% ആയി വർദ്ധിപ്പിക്കണം. ഖണ്ഡിക 10.37 ൽപറഞ്ഞിരിക്കുന്ന കാര്യങ്ങൾക്ക് മാത്രമേ ഫണ്ട് ചെലവഴിക്കാവൂ.

9. സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം സംബന്ധിച്ച് കമ്മീഷൻനടത്തിയിട്ടുള്ള പ്രക്ഷേപണം അടിസ്ഥാനമാക്കി സംസ്ഥാനത്തിന്റെ വാർഷിക അറ്റ തനതു നികുതി വരുമാനത്തിന്റെ 11 % തുക വികസന ഫണ്ടായി ടി (t) അടിസ്ഥാനത്തിൽ 2016-17 ൽ പ്രാദേശിക സർക്കാരുകൾക്ക് കൈമാറ്റം ചെയ്യാൻ കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്. അതിനു ശേഷം ടി നിരക്ക് 2017-18 ൽ11.5% ഉം 2018-19 ൽ 12.5%ഉം 2019-20 ൽ 13.5.% ഉം 2020-21 ൽ 14.5%ഉം ആയി വർദ്ധിപ്പിക്കാനും കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്.

10. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഗ്രാമ പഞ്ചായത്തുകൾക്കായി വിടവ് നികത്തൽ ഫണ്ട് വിതരണം ചെയ്യുന്നതിനും, ഗ്രാമ പഞ്ചായത്തുകൾക്ക് ലഭ്യമായിട്ടുള്ള പൊതു ആവശ്യ ഫണ്ട് വിഹിതത്തിൽ നിന്നും 50 കോടി രൂപ ഇതിനായി മാറ്റിവയ്ക്കുന്നതിനും കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്. മുൻ വർഷത്തെ വിടവിന് (t-1) അനുപാതമായിട്ടുള്ള ഫണ്ട് ഗ്രാമപഞ്ചായത്തുകൾക്കിടയിൽ വിതരണം ചെയ്യാവുന്നതാണ്. ഇത് സംസ്ഥാന ആഡിറ്റ് വകുപ്പ് ഡയറക്ടർ സാക്ഷ്യപ്പെടുത്തിയിരിക്കണം. ഡയറക്ടർ സാക്ഷ്യപ്പെടുത്തിയ തുക നീക്കിവച്ച തുകയേക്കാൾ കുറവാണെങ്കിൽ, ബാക്കി തുക പൊതു ആവശ്യ ഫണ്ട് വിതരണത്തിനായി നിശ്ചയിച്ചിട്ടുള്ള മാനദണ്ഡമനുസരിച്ച് എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കുമായി വിതരണം ചെയ്യുന്നതാണ്. വിടവ് താഴെ പറയും പ്രകാരം കണക്കാക്കുന്നതാണ്: തനത് വരുമാനത്തിന്റെയും പൊതു ആവശ്യ ഫണ്ടിന്റെയും ആകെ തുകയിൽനിന്നും സ്ഥാപന, ഭരണ, പ്രവർത്തന, മറ്റ് ആവർത്തന ചെലവുകൾക്കുള്ള തുക കിഴിച്ച് കിട്ടുന്നതായിരിക്കും. എല്ലാ വർഷവും ഒക്ടോബറിൽ ഇത് ഗ്രാമ പഞ്ചായത്തുകൾക്ക് ലഭ്യമാക്കുന്നതാണ്.

11. സംസ്ഥാന തനത് നികുതി വരുമാനത്തിന്റെ അതതു വർഷങ്ങളിലെ തനി തുകയുടെ അടിസ്ഥാനത്തിൽകണക്കുകൂട്ടിയ പ്രകാരം 8599.48 കോടി രൂപ 2016-17 ലും, 2017-18 ൽ 10105.94 കോടി രൂപയും, 2018-19 ൽ 11850.44 കോടി രൂപയും, 2019-20 ൽ 13868.59 കോടി രൂപയും, 2020-21 വർഷത്തിൽ 16201.19 കോടി രൂപയും വിതരണം ചെയ്യാൻ കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്.

12. യഥാർത്ഥ നികുതി വസൂലാക്കലിന്റെ അടിസ്ഥാനത്തിൽ കമ്മീഷൻ പ്രക്ഷേപണം നടത്തിയിട്ടുള്ള സംസ്ഥാനത്തിന്റെ തനതു നികുതി വരുമാനത്തിന്റെ മൊത്തം തുകയിലും തനി

തുകയിലും ഉചിതമായ മാറ്റങ്ങൾവരുത്താവുന്നതും ഏറ്റക്കുറച്ചിലുകൾവരുംവർഷങ്ങളിൽ ക്രമീകരിക്കാവുന്നതുമാണ് എന്ന് കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്.

13. ധന വിന്യാസ പ്രകാരമുള്ള ഫണ്ടുകൾ പ്രാദേശിക സർക്കാരുകളുടെ പബ്ലിക് അക്കൗണ്ടുകളിലേയ്ക്ക് ഏപ്രിൽ മാസം മുതൽ 12 ഗഡുക്കളായി നൽകേണ്ടതാണ്. ഇപ്രകാരമുള്ള കൈമാറ്റത്തിന്റെ രണ്ടാമത്തെയും തുടർന്നുള്ള ഗഡുക്കളും അതിന് മുൻപ് നൽകിയിട്ടുള്ള തുകയുടെ 80% വിനിയോഗിച്ച എന്ന് ഉറപ്പ വരുത്തിയതിന് ശേഷമായിരിക്കണം. വികസന ഫണ്ടുകൾ പ്രാദേശികസർക്കാരുകൾ ഉപയോഗപ്പെടുത്താത്ത കാരണത്താൽ നഷ്ടപ്പെടുകയില്ല; മറിച്ച്, അത് വിനിയോഗിക്കുന്നതിന് ഒരു വർഷം കൂടി അനുവദിക്കുന്നതാണ്. എന്നാൽ പൊതു ആവശ്യ ഫണ്ടിന്റെ കൈമാറ്റം നിലവിലുള്ള രീതിയിൽ തുടരുന്നതാണ്. ഇത് അനുവദിച്ച നൽകുന്നതിന് 'മിനിമം വിനിയോഗം' പരിഗണിക്കേണ്ടതില്ല. പബ്ലിക് അക്കൗണ്ടുകളിലേയ്ക്ക് പണം സ്വമേധയാ ലഭ്യമാക്കുന്നതിന് വിവര സാങ്കേതിക വിദ്യാധിഷ്ഠിതമായ ഒരു സംവിധാനം ധനവകുപ്പ് രൂപപ്പെടുത്തേണ്ടതാണ്.

14. ഖണ്ഡിക 10.49 ൽ പരാമർശിച്ചിട്ടുള്ള മാനദണ്ഡപ്രകാരം പൊതു ആവശ്യ ഫണ്ടിന്റെ തിരശ്ചീന വിന്യാസം നടത്തണമെന്ന് കമ്മീഷൻ ശുപാർശ ചെയ്തിരിക്കുന്നു. ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, മുനിസിപ്പാലിറ്റികൾ, മുനിസിപ്പൽകോർപ്പറേഷനുകൾ എന്നിങ്ങനെ ഓരോ പ്രാദേശിക സർക്കാരുകൾക്കുമുള്ള വിഹിതം ഖണ്ഡിക 10.49ൽ (എ മുതൽ ഒ വരെ) പരാമർശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരം നിർവഹിക്കേണ്ടതാണ്.

15. സംരക്ഷണ ഫണ്ടിന്റെ തിരശ്ചീന വിന്യാസം നടത്തേണ്ടത് ഖണ്ഡിക 10.50 പ്രകാരമുള്ള മാനദണ്ഡങ്ങൾ അനുസരിച്ചാണെന്ന് കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്. ഓരോ വിഭാഗത്തിലേയും ഓരോ പ്രാദേശിക സർക്കാരുകളുടെയും ഫണ്ട് വിതരണം ചെയ്യുന്നത് ഖണ്ഡിക 10.50 (എ മുതൽ സി വരെ)ൽ പരാമർശിച്ചിട്ടുള്ള മാനദണ്ഡമനുസരിച്ചായിരിക്കണം.

16. വികസന ഫണ്ടിന്റെ തിരശ്ചീന വിന്യാസവും, എസ്.സി.പി.ഫണ്ട്, ടി.എസ്.പി ഫണ്ട്, പൊതു വിഭാഗം ഫണ്ട് എന്നിവയുടെ വിതരണവും ഖണ്ഡിക 10.51 ൽ(എ മുതൽ സി വരെ)പരാമർശിച്ചിട്ടുള്ള മാനദണ്ഡമനുസരിച്ചായിരിക്കണമെന്നും കമ്മീഷൻ ശുപാർശ ചെയ്യുന്നു.

17. ഖണ്ഡിക 10.52 ൽ (എ മുതൽ ഡി വരെ) പറഞ്ഞിരിക്കുന്ന പ്രകാരമായിരിക്കണം വികസന ഫണ്ടിലെ എസ്.സി.പി വിഹിതത്തിന്റെ തിരശ്ചീന വിന്യാസവും വിതരണവും നടത്തേണ്ടതെന്ന് കമ്മീഷൻ ശുപാർശ ചെയ്തു.

18. ഖണ്ഡിക 10.53 ൽ (എ മുതൽ ഡി വരെ) പറഞ്ഞിരിക്കുന്ന പ്രകാരമായിരിക്കണം വികസന ഫണ്ടിലെ ടി.എസ്.പി വിഹിതത്തിന്റെ തിരശ്ചീന വിന്യാസവും വിതരണവും നടത്തേണ്ടതെന്ന് കമ്മീഷൻ ശുപാർശ ചെയ്തു.

19. പട്ടിക 10.10 ൽ പറഞ്ഞിരിക്കുന്ന പ്രകാരമായിരിക്കണം വികസന ഫണ്ടിലെ പൊതു വിഭാഗ വിഹിതത്തിന്റെ തിരശ്ചീന വിന്യാസവും വിതരണവും നടത്തേണ്ടതെന്ന് കമ്മീഷൻ ശുപാർശ ചെയ്യു.

20) പ്രാദേശിക സർക്കാരുകളിലേയ്ക്കുള്ള ഫണ്ട് കൈമാറ്റം സംബന്ധിച്ച ഫലപ്രദമായ നിരീക്ഷണത്തിന്, പൊതു ആവശ്യ ഫണ്ട്, സംരക്ഷണ ഫണ്ട് (റോഡും, റോഡിതരവും), വികസന ഫണ്ട് എന്നിങ്ങനെയുള്ള എല്ലാ ഫണ്ട് കൈമാറ്റങ്ങളും '3604' എന്ന മുഖ്യ ശീർഷകത്തിൽ ഉചിതമായ ഉപശീർഷകങ്ങൾ മുഖേനയായിരിക്കണം വിതരണം ചെയ്യേണ്ടത് എന്ന് കമ്മീഷൻ ശുപാർശ ചെയ്തിരിക്കുന്നു.

21. കമ്മീഷൻ പ്രക്ഷേപണം ചെയ്തിരിക്കുന്ന അതതു വർഷത്തെ സംസ്ഥാന തനതു നികുതിവരുമാനത്തിൽ നിന്ന് പട്ടിക 4.10 ൽ കാണിച്ചിരിക്കുന്ന നികുതി പിരിവ് സംബന്ധിച്ച ചെലവ് കുറവ് ചെയ്യുമ്പോൾ ലഭിക്കുന്ന തനി തനത് നികുതി വരുമാനമായിരിക്കും ലംബമായ ധനവിന്യാസത്തിന്റെ അടിസ്ഥാനം എന്ന് കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്.

22. സംസ്ഥാന തനത് നികുതി വരുമാനത്തിന്റെ 0.28% റോഡിതര സംരക്ഷണ ഫണ്ടിൽ നിന്നും പൊതു ആവശ്യ ഫണ്ടിലേയ്ക്ക് മാറ്റേണ്ടതും കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളുടെ എല്ലാവിധ ആവർത്തന ചെലവുകൾ, പ്രവർത്തന ചെലവുകൾ, മരുന്നു വാങ്ങുന്നതിനുള്ള ചെലവ് മുതലായവ ഇനി മുതൽ പൊതു ആവശ്യ ഫണ്ടിൽ നിന്ന് മാത്രം വഹിക്കണമെന്നും കമ്മീഷൻ ശുപാർശ ചെയ്യുന്നു.

23. റോഡിന്റെയും റോഡിതര ആസ്തികളുടെയും അടിസ്ഥാനത്തിൽ സംരക്ഷണ ഫണ്ട് 78.1:21.9 എന്ന അനുപാതത്തിൽ വിഭജിച്ച് നൽകണമെന്ന് കമ്മീഷൻ ശുപാർശ ചെയ്യുന്നു.

24. പൊരുത്തക്കേടുകൾ ഒഴിവാക്കുന്നതിനായി റോഡ്, റോഡിതര ആസ്തികളുടെ വിവരങ്ങൾ കൃത്യമായ ഇടവേളകളിൽ ശരിയാണോ എന്ന് പരിശോധിക്കുകയും ആനുകാലികമായി പരിഷ്കരിക്കുകയും വേണമെന്ന് കമ്മീഷൻ ശുപാർശ ചെയ്യുന്നു.

25. സംരക്ഷണ ഫണ്ട് നിശ്ചയിച്ചിരിക്കുന്നത് കേന്ദ്ര പൊതുമരാമത്ത് വകുപ്പ് അംഗീകരിച്ച മാനദണ്ഡങ്ങളിലായതിനാൽ സംരക്ഷണ ജോലികളുടെ ഗുണനിലവാരം ഉറപ്പ് വരുത്തണമെന്ന് കമ്മീഷൻ ശുപാർശ ചെയ്യുന്നു. റോഡ് അറ്റകുറ്റപ്പണിയും റീടാറിംഗ് ജോലികളും കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികളും നടത്തുന്നതിനുള്ള കാലയളവ് രണ്ട് വർഷമായി ഉയർത്തണമെന്ന് കമ്മീഷൻ ശുപാർശ ചെയ്യുന്നു.

26. പട്ടിക 8.8 ൽപറയുന്ന പ്രകാരം റോഡ്, റോഡിതര ആസ്തികളുടെ കണക്കനുസരിച്ചായിരിക്കണം ഓരോ വിഭാഗം പ്രാദേശിക സർക്കാരുകൾക്കും അർഹതപ്പെട്ട വിഹിതം നിശ്ചയിക്കേണ്ടതെന്ന് കമ്മീഷൻ ശുപാർശ ചെയ്യുന്നു.

27. ഭരണഘടനയുടെ അനുച്ഛേദം 280 (3) (ബി.ബി)യിലും (സി)യിലും അനുശാസിക്കുന്ന പ്രകാരം, പതിനഞ്ചാമത് കേന്ദ്ര ധനകാര്യ കമ്മീഷൻ അതിന്റെ ശുപാർശകൾ രൂപപ്പെടുത്തുന്നവേളയിൽ സംസ്ഥാന ധനകാര്യ കമ്മീഷൻശുപാർശകൾകൂടി അനുകൂലമായി പരിഗണിക്കുവാൻ സംസ്ഥാന

സർക്കാർ പതിനഞ്ചാം കേന്ദ്ര ധനകാര്യ കമ്മീഷനോട് അഭ്യർത്ഥിക്കുവാനുള്ള നടപടി സ്വീകരിക്കണമെന്ന് കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്.

28. കേന്ദ്ര ധനകാര്യ കമ്മീഷൻ ഫണ്ടിന്റെ അടിസ്ഥാന ഗ്രാന്റ് പൊതു ആവശ്യ ഫണ്ട് വിതരണം ചെയ്യുന്ന അതേ ഫോർമുല പ്രകാരം, അതായത്, ജനസംഖ്യയ്ക്ക് 80% (2011 സെൻസസ് പ്രകാരം) സ്ഥലത്തിന്റെ വിസ്തീർണ്ണം 10%, തനത് വരുമാനത്തിലുണ്ടാകുന്ന കുറവിന് (Inverse of own Income) 10%, ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽകോർപ്പറേഷൻ എന്നിവയ്ക്ക് വിതരണം ചെയ്യണമെന്ന് കമ്മീഷൻ ശുപാർശ ചെയ്തു.

29. കേരള പഞ്ചായത്ത് രാജ് ആക്ടും, കേരള മുനിസിപ്പാലിറ്റി ആക്ടും പ്രകാരം നിർവ്വഹിക്കേണ്ട പൗരസേവനങ്ങളായ കുടിവെള്ള വിതരണം, ശുചീകരണം, അഴുക്കുചാൽ ശുചീകരണം, മാലിന്യ നിർമാർജ്ജനം, സാമൂഹ്യ ആസ്തികളുടെ സംരക്ഷണം, ഗതാഗതം, തെരുവു വിളക്കുകൾകത്തിക്കൽ മറ്റ് അടിസ്ഥാന സൗകര്യങ്ങൾ മുതലായ ചെലവുകൾക്ക് ബേസിക് ഗ്രാന്റ് ഉപയോഗിക്കുന്നതിന് ശുപാർശ ചെയ്യുന്നു.

30. പ്രാദേശിക സർക്കാരുകളുടെ തനതു വരുമാനം മുൻവർഷത്തേക്കാൾ കൂടുതലായിരിക്കണമെന്ന് നിബന്ധന ഉള്ളതിനാൽ പതിനാലാം ധനകാര്യ കമ്മീഷന്റെ പെർഫോർമൻസ് ഗ്രാന്റ് ലഭിക്കുന്നതിലേയ്ക്കായി പ്രാദേശിക സർക്കാരുകളുടെ നികുതി നികുതിയേതര നിരക്കുകൾ അടിയന്തരമായി പരിഷ്കരിക്കണമെന്ന് ശുപാർശ ചെയ്യുന്നു.

പ്രാദേശിക സർക്കാരുകളുടെ വരുമാനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് അഞ്ചാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശിപാർശകൾ

32. 2013 ൽ ഭേദഗതി ചെയ്യപ്പെട്ട 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും, സേവന നികുതിയും, സർചാർജ്ജും) ചട്ടങ്ങളും 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും, സേവന നികുതിയും, സർചാർജ്ജും) ചട്ടങ്ങളും 27.04.2015 ലെ സ.ഉ.(എം.എസ്) നം.144/15/LSGD ഉത്തരവ് റദ്ദ് ചെയ്ത് നടപ്പിലാക്കണം. കേരള പഞ്ചായത്ത് രാജ് ആക്ടിലും കേരള മുനിസിപ്പാലിറ്റി ആക്ടിലും പറയും പ്രകാരം വസ്തു നികുതി 5 വർഷം കൂടുമ്പോൾ പരിഷ്കരിക്കുകയും ഇതിനാവശ്യമായ ചട്ടങ്ങൾ കാലോചിതമായി നിർമ്മിക്കേണ്ടതും/ഭേദഗതി ചെയ്യേണ്ടതുമാണ്. നികുതി പരിഷ്കരണത്തിൽ വീഴ്ച ഉണ്ടാവുകയും പ്രാദേശിക സർക്കാരുകൾക്ക് ഇക്കാരണത്താൽ നഷ്ടം ഉണ്ടാവുകയും ചെയ്താൽ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 203(4) വകുപ്പിലും കേരള മുനിസിപ്പാലിറ്റി ആക്ടിലെ 233(4) വകുപ്പിലും വിഭാവനം ചെയ്തിരിക്കുന്നതുപോലെ പ്രതിവർഷം 5% എന്ന തോതിൽ നഷ്ട പരിഹാരം നൽകേണ്ടതുമാണെന്ന് കമ്മീഷൻ ശുപാർശ ചെയ്യുന്നു.

33. വസ്തു നികുതിയുടെ ചുരുങ്ങിയ നിരക്കും ഏറ്റവും കൂടിയ നിരക്കും തമ്മിലുള്ള അന്തരം ചുരുക്കാൻ കമ്മിഷൻ ശുപാർശ ചെയ്യുന്നു. ചുരുങ്ങിയ നിരക്ക് ഏറ്റവും കൂടിയ നിരക്കിന്റെ 75%ത്തെക്കാൾ കുറയരുത് . ഗ്രാമപഞ്ചായത്തുകളുടെ കാര്യത്തിൽ 14.01.2011 ലെ 19/2011/എൽ.എസ്.ജി.ഡി, 24.02.2015 ലെ 36/2015/എൽ.എസ്.ജി.ഡി എന്നീ വിജ്ഞാപനങ്ങൾപ്രകാരവും നഗരസഭകളുടെ കാര്യത്തിൽ 14.01.2011 ലെ 17/2011/എൽ.എസ്.ജി.ഡി നമ്പർവിജ്ഞാപന പ്രകാരവും നിശ്ചയിച്ചിട്ടുള്ള ചുരുങ്ങിയ വസ്തു നികുതി നിരക്ക് ഇതനനുസൃതമായി പരിഷ്കരിക്കേണ്ടതാണ്.

34. അനധികൃത നിർമ്മാണങ്ങളും, മറ്റു പ്രവർത്തികളും കണ്ടെത്തുന്നതിനും, അവയ്ക്ക് നികുതി ഏർപ്പെടുത്തുന്നതിനും വ്യക്തമായ സംവിധാനം ഏർപ്പെടുത്തേണ്ടതാണ്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ വേണ്ട നിർദ്ദേശം പ്രാദേശിക സർക്കാരുകൾക്ക് നൽകണമെന്നും കമ്മീഷൻ ശുപാർശ ചെയ്യുന്നു.

35. കേന്ദ്ര സർക്കാർ ഉടമസ്ഥതയിലുള്ള എല്ലാ കെട്ടിടങ്ങളും പ്രാദേശിക സർക്കാരുകളുടെ വസ്തു നികുതിക്ക് വിധേയമാക്കണമെന്ന വിഷയം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽകൊണ്ടുവരേണ്ടതും അതിലേയ്ക്കായി ഭരണഘടനയുടെ അനുച്ഛേദം 285(1) ഭേദഗതി ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ അഭ്യർത്ഥിക്കുകയും വേണം.

36. കേരള പഞ്ചായത്ത് രാജ് ആക്ടിലെ 235-ാം വകുപ്പിന്റെ ഖണ്ഡം (ബിഎ)ഉം കേരള മുനിസിപ്പാലിറ്റി ആക്ടിലെ 207-ാം വകുപ്പിന്റെ ഖണ്ഡം (ബിഎ) യും ഒഴിവാക്കി 2009 ന മുൻപുള്ള തത്സ്ഥിതിയിലേക്ക് വരികയും എല്ലാ അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളെയും വസ്തു നികുതിയുടെ പരിധിയിൽകൊണ്ടുവരണമെന്ന് കമ്മീഷൻ ശുപാർശ ചെയ്യുന്നു.

37. ബി.എസ്.എൻ.എൽ കെട്ടിടങ്ങളുടെ നികുതി അടിയന്തരമായി കണക്കാക്കുന്നതിനും ഇവ പിരിച്ചെടുക്കുന്നതിനും പഞ്ചായത്തുകളും നഗരസഭകളും അടിയന്തര നടപടി സ്വീകരിക്കേണ്ടതാണെന്ന് കമ്മീഷൻ ശുപാർശ ചെയ്യുന്നു.

38. പ്രൊഫഷണലുകൾ, സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തികൾ, അസംഘടിത മേഖലയിലെ തൊഴിലാളികൾ, വ്യാപാരികൾ, ബിസിനസ്സുകാർ, ജീവനക്കാർ എന്നിവരിൽ നിന്നും ശരിയായ രീതിയിൽ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നികുതി നല്കുന്നവരുടെ പട്ടിക പരിഷ്കരിക്കേണ്ടതാണ്. അധിക തസ്തികകൾ സൃഷ്ടിക്കാതെ ഈ ആവശ്യത്തിലേയ്ക്കായി പ്രാദേശിക സർക്കാരുകൾ കൂടുതൽ ആൾക്കാരെ നിയോഗിക്കേണ്ടതാണ്. ഡി.ആന്റ് ഓ ലൈസൻസ് നിയമത്തിൻ കീഴിൽ ലൈസൻസ് ലഭിച്ചിട്ടുള്ള എല്ലാ വാണിജ്യ സ്ഥാപനങ്ങളും അതിൽ ജോലി ചെയ്യുന്നവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് കമ്മീഷൻ ശുപാർശ ചെയ്യുന്നു.

39. പ്രാദേശിക സർക്കാരുകളുടെ പരിധിയിലുള്ള പ്രദേശങ്ങളിൽ പ്രാക്ടീസ് ചെയ്യുന്ന പ്രൊഫഷണലുകളെ സംബന്ധിച്ച ഒരു സർവ്വേ വാർഡ് മെമ്പർ/കൗൺസിലർമാരുടെ

സഹായത്തോടെ നടത്തുകയും അവരെകൂടി നികുതി അടയ്ക്കുന്നവരുടെ പട്ടികയിൽ ഉൾപ്പെടുത്തുകയും ചെയ്യണം. ഓരോ പ്രദേശത്തെയും പ്രാക്ടീസ് ചെയ്യുന്ന അഡ്വക്കേറ്റുമാരുടെ ഒരു പട്ടിക ബാർകൗൺസിൽ പ്രാദേശിക സർക്കാരുകൾക്ക് നൽകേണ്ടതാണ്. അഡ്വക്കേറ്റുമാർ അവരുടെ വരുമാനം സ്വമേധയാ വെളിപ്പെടുത്തേണ്ടതും അതിന്മേൽ തൊഴിൽനികുതി നൽകേണ്ടതും ഇത് പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുമാണ്. ശമ്പള വിഭാഗത്തിൽപ്പെട്ടവരുടെ അതേ സ്ലാബ് തന്നെയായിരിക്കും ഇവർക്കും ബാധകം. തൊഴിൽ നികുതി അടയ്ക്കേണ്ട അഡ്വക്കേറ്റുമാർആയത് പ്രാദേശിക സർക്കാരുകളിൽ അടച്ച് അതിന്റെ രസീത് ഹാജരാക്കുന്ന മുറയ്ക്ക് മാത്രമേ പ്രാക്ടീസ് നടത്താൻ അനുവദിക്കുകയുള്ളൂ എന്ന രീതിയിൽ ഒരു നിയമ നിർമ്മാണം നടത്തേണ്ടതാണ്. ഇപ്രകാരം തൊഴിൽനികുതി അടച്ചതിനുള്ള രസീത് ഓരോ വർഷവും ഒക്ടോബറിലെയും ഏപ്രിലിലെയും ഒന്നാമത്തെ പ്രവൃത്തി ദിവസം ഹാജരാക്കേണ്ടതാണ്.

40. 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3 ന് തുല്യമായൊരു നിബന്ധന 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലും കൊണ്ടു വരേണ്ടതാണ്. 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3(2) വിപുലീകരിച്ച് ചാർട്ടേർഡ് അക്കൗണ്ടന്റുമാർ, ടാക്സ് പ്രാക്ടീഷണർമാർ, സ്റ്റോക്ക് ബ്രോക്കർമാർ, സ്വകാര്യ/ചാർട്ടേർഡ് എഞ്ചിനീയർമാർ, ഏജൻസി ബിസിനസുകാർ, ഇന്റർനെറ്റ് കഫേ നടത്തുന്നവർ, കേബിൾ ഓപ്പറേറ്റർമാർ, ഡിഷ് ചാനൽ സർവ്വീസ് നൽകുന്നവർ, കൺസട്ടൻസി സർവ്വീസ് നടത്തുന്നവർ, റിയൽ എസ്റ്റേറ്റ് ഏജന്റുമാർ/ബ്രോക്കർമാർ എന്നിവരെക്കൂടി ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കേണ്ടതാണ്.

41. തൊഴിൽനികുതി വർദ്ധിപ്പിക്കണമെന്ന 14-ാം ധനകാര്യ കമ്മീഷന്റെ ശുപാർശകൾ എത്രയും വേഗം നടപ്പിലാക്കുന്നതിനായി തൊഴിൽനികുതിയുടെ ഉയർന്ന പരിധി വർദ്ധിപ്പിക്കുന്ന വിഷയം കേന്ദ്ര സർക്കാരിൽ ഉന്നയിക്കേണ്ടതാണ്.

42. 1961 ലെ കേരള ലോക്കൽഅതോറിറ്റീസ് എന്റർടെയ്ൻമെന്റ്സ് ടാക്സ് ആക്ടിലെ 5.1 (എഎ) വകുപ്പിൽ പ്രതിപാദിക്കുന്നതുപോലെ പരമ്പരാഗതമായ തിയേറ്ററുകളിലും മൾട്ടിപ്ലക്സ് തിയേറ്ററുകളിലും കമ്പ്യൂട്ടർവത്കൃത ടിക്കറ്റ് വിതരണ സമ്പ്രദായം നടപ്പിലാക്കണമെന്ന് നിർദ്ദേശിക്കുന്നു.

43. കേബിൾ ടിവിയുടെയും ഡിഷ് ടിവിയുടെയും വരിക്കാരെ വിനോദ നികുതിയുടെ കീഴിൽ കൊണ്ടുവരണമെന്ന് കമ്മീഷൻ ശുപാർശ ചെയ്യുന്നു. ഓരോ വരിക്കാരിൽ നിന്നും പ്രതിമാസം 10 രൂപ വീതം ഈടാക്കാവുന്നതാണ്. ഓപ്പറേറ്റർമാർ തുക ശേഖരിക്കേണ്ടതും ബന്ധപ്പെട്ട പ്രാദേശിക സർക്കാരിൽ അടയ്ക്കേണ്ടതുമാണ്. ഇതു സംബന്ധിച്ച് 1961 ലെ കേരളാ ലോക്കൽ അതോറിറ്റീസ് എന്റർടെയിന്മെന്റ്സ് ടാക്സ് ആക്ടിലെ 2(4)-ാം വകുപ്പിന് ആവശ്യമായ ഭേദഗതികൾ വരുത്തേണ്ടതാണ്. തിരിമറി ഒഴിവാക്കുന്നതിനായി മുകളിലെ നിയമത്തിലെ 5(1) (എഎ) വകുപ്പിൽ

വിവക്ഷിച്ചിട്ടുള്ള പ്രകാരം കേബിൾ/ഡിഷ് ഓപ്പറേറ്റർമാർ വരിക്കാർക്ക് നല്കുന്ന രസീതുകൾ കമ്പ്യൂട്ടർവത്ക്കരിക്കേണ്ടതാണ്.

44. 1961 ലെ കേരളാ ലോക്കൽ അതോറിറ്റീസ് എന്റർടെയ്ൻമെന്റ്സ് ടാക്സ് ആക്ടിലെ 2(4)-ാം വകുപ്പിൽ ആവശ്യമായ ഭേദഗതി വരുത്തി വിനോദസഞ്ചാര കേന്ദ്രങ്ങളിലെയും കാർഷിക പ്രദർശന കേന്ദ്രങ്ങളിലേയും പ്രവേശന ഫീസും ഹൗസ്ബോട്ട് ചാർജ്ജും വിനോദ നികുതിയുടെ പരിധിയിൽ കൊണ്ടു വരണമെന്ന് കമ്മീഷൻ ശുപാർശ ചെയ്യുന്നു. ഹൗസ് ബോട്ടുകൾ യാത്ര തുടങ്ങുന്ന സ്ഥലത്തേയോ വിനോദ സഞ്ചാര കേന്ദ്രങ്ങളുടെയും കാർഷിക പ്രദർശന കേന്ദ്രങ്ങളുടേയും ടിക്കറ്റ് കൗണ്ടർ സ്ഥിതി ചെയ്യുന്ന സ്ഥലത്തോയോ പ്രാദേശിക സർക്കാരുകൾക്ക് വിനോദ നികുതി ഈടാക്കാവുന്നതാണ്.

45. വിനോദ നികുതിക്ക് സംസ്ഥാന സർക്കാർ യാതൊരു വിധ ഇളവുകളും നൽകരുതെന്ന് ശുപാർശ ചെയ്യുന്നു.

46. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 209 ഡി, 256 എന്നീ വകുപ്പുകളിലും 1994 ലെ കേരള മുൻസിപ്പാലിറ്റി ആക്ടിലെ 276, 567 (32) എന്നീ വകുപ്പിലും അനുയോജ്യമായ ഭേദഗതികൾ വരുത്തി പരസ്യങ്ങൾ നിയന്ത്രിക്കുന്നതിനുവേണ്ടി ബൈല നിർമ്മിക്കുന്ന സമ്പ്രദായം ഉപേക്ഷിക്കണമെന്ന് കമ്മീഷൻ ശുപാർശ ചെയ്യുന്നു. എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും ബാധകമാകുന്ന ഏകീകൃത പരസ്യചട്ടങ്ങൾ സർക്കാർ നിർമ്മിക്കേണ്ടതും അതുവഴി പരസ്യങ്ങളുടെ നിയന്ത്രണങ്ങളും അവയുടെ നികുതി വസൂലാക്കലും നിയന്ത്രിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കേണ്ടതുമാണ്. അതുപോലെ തന്നെ 1999-ലെ കേരള മുനിസിപ്പാലിറ്റി (ഇറക്ഷൻഓഫ് ആർച്ചസ്/ആന്റ് സെറ്റിംഗ് അപ്പ് ഓഫ് അഡ്വർടൈസ്മെന്റ് ബോർഡ്സ് ഇൻപബ്ലിക് സ്ട്രീറ്റ്സ് ആന്റ് പബ്ലിക് പ്ലെയ്സസ്) ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തി പരസ്യങ്ങളും അവയുടെ നികുതി വസൂലാക്കലും മുനിസിപ്പാലിറ്റികളിലും മുനിസിപ്പൽ കോർപ്പറേഷനുകളിലും നടപ്പിലാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

47. പ്രദർശന നികുതിയുടെ മിനിമം നിരക്ക് നിലവിൽ 5 രൂപ മുതൽ 50 രൂപ വരെയാണ്. ഇതിൽ100% വർദ്ധനവ് വരുത്തണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

48. 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 230 (4)- ാം വകുപ്പ്, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും, സേവന നികുതിയും, സർച്ചാർജ്ജും) ചട്ടങ്ങൾ, 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും, സേവന നികുതിയും, സർച്ചാർജ്ജും) ചട്ടങ്ങൾഎന്നിവയിലെ 26 - ാം ചട്ടവും ഭേദഗതി വരുത്തി സേവന നികുതി ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും ഈടാക്കുന്നത് നിർബന്ധമാക്കണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

49. കേന്ദ്രസർക്കാർ കെട്ടിടങ്ങൾക്കുള്ള നിയമാനുസൃത സർവ്വീസ് ചാർജ്ജ്, ഗ്രാമപഞ്ചായത്തുകളും നഗരസഭകളും ഈടാക്കുന്നതിനുള്ള വ്യവസ്ഥ കർശനമായി പാലിക്കുന്നതിന്

തദ്ദേശ സ്വയംഭരണ വകുപ്പ് നിർബന്ധമായും നിർദ്ദേശം നൽകണമെന്ന് കമ്മീഷൻ ശുപാർശ ചെയ്യുന്നു.

50(എ) ഗ്രാമീണ പ്രാദേശിക സർക്കാരുകൾക്ക് ബാധകമാക്കിയിട്ടുള്ള ഡി & ഓ ലൈസൻസ് ചട്ടങ്ങൾ നാലാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്തപോലെ കേരള പഞ്ചായത്ത് രാജ് (വ്യാപാരങ്ങളുടെയും സേവനങ്ങളുടെയും വ്യവസായങ്ങളുടെയും നിയന്ത്രണം) ചട്ടങ്ങൾ എന്ന് പുനർനാമകരണം ചെയ്യണമെന്നും കമ്മീഷൻ ശുപാർശ ചെയ്യുന്നു. നഗര സഭകൾക്ക് ബാധകമാക്കാൻ നിർദ്ദേശിക്കപ്പെട്ട ചട്ടങ്ങളും ഇത്തരത്തിൽ പുനർനാമകരണം ചെയ്യേണ്ടതാണ്.

50(ബി) പുതുതലമുറയിലെ വാണിജ്യ സ്ഥാപനങ്ങൾഉൾപ്പെടെ എല്ലാത്തരം വ്യാപാര വാണിജ്യ സ്ഥാപനങ്ങളെയും ഉൾക്കൊള്ളിക്കുന്നതിന് വേണ്ടി 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ പട്ടിക 1 വിപുലപ്പെടുത്തണമെന്ന് കമ്മീഷൻ ശുപാർശ ചെയ്യുന്നു.

50(സി) 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ II,III,IV എന്നീ പട്ടികകളിൽ പ്രതിപാദിക്കുന്ന പ്രകാരമുള്ള വാർഷിക ലൈസൻസ് ഫീസ് പരിഷ്കരിക്കണമെന്ന് നിർദ്ദേശിക്കുന്നു. പട്ടിക(Table) 7.2 ൽ വിശദീകരിച്ചതുപോലെ പട്ടിക II പുതുക്കേണ്ടതാണ്.

50(ഡി) പട്ടിക III ഉം IV ഉം പ്രകാരമുള്ള നിരക്കുകളിൽ 100% വർദ്ധനവ് വരുത്തേണ്ടതാണ്.

51. നഗരസഭകൾക്ക് ബാധകമായ വ്യാപാര ലൈസൻസ് ചട്ടങ്ങൾ, അതായത് 2011 ലെ കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ അടിയന്തരമായി പ്രാബല്യത്തിൽ കൊണ്ടുവരണമെന്ന് കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്.

52. ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും നിലവിലുള്ള കെട്ടിട നിർമ്മാണ അനുമതി ഫീസ് 50% ഉയർത്തണമെന്ന് കമ്മിഷൻ നിർദ്ദേശിക്കുന്നു.

53. പ്രാദേശിക സർക്കാരുകൾ വാടകയ്ക്ക് നൽകിയിട്ടുള്ള കടമുറികളുടെയും കെട്ടിടങ്ങളുടെയും കമ്മ്യൂണിറ്റി ഹാൾ, ഓഡിറ്റോറിയം എന്നിവയുടെയും വാടക അതാത് സ്ഥലങ്ങളിൽ PWD നിശ്ചയിച്ചിട്ടുള്ള വാടക നിരക്കുകൾ പ്രകാരമായിരിക്കണമെന്ന് കമ്മീഷൻ ശുപാർശ ചെയ്യുന്നു.

54. എല്ലാ നികുതിയേതര സേവനങ്ങളുടെയും നിരക്കുകൾ (വിവാഹ സർട്ടിഫിക്കറ്റ് ഫീസ് ഒഴികെ) കുറഞ്ഞത് 50% വർദ്ധിപ്പിക്കണമെന്ന് ശുപാർശ ചെയ്യുന്നു.

55. പ്രാദേശിക സർക്കാരുകൾ ഈടാക്കുന്ന എല്ലാ നികുതി നികുതിയേതര നിരക്കുകളും വസ്തു നികുതി പരിഷ്കരിക്കുന്ന രീതിയിൽ 5 വർഷത്തിലൊരിക്കൽ പരിഷ്കരിക്കേണ്ടതാണ്. തൊഴിൽ നികുതി പരിഷ്കരണം ഭരണഘടനയിലെ അനുച്ഛേദം 276 (2) ന് വിധേയമായിരിക്കും. സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശകളുടെ അടിസ്ഥാനത്തിൽവേണം ഈ പരിഷ്കരണങ്ങൾ നടപ്പിലാക്കേണ്ടത്.

ഇതിനായി 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലും 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലും ആവശ്യമായ ഭേദഗതി വരുത്തേണ്ടതാണ്.

56. റവന്യൂ വകുപ്പ് ഇപ്പോൾഈടാക്കി വരുന്ന കെട്ടിട നികുതി പ്രാദേശിക സർക്കാരുകൾക്ക് വിട്ടുനൽകണമെന്ന് ശുപാർശ ചെയ്യുന്നു. ഇതിനുവേണ്ടി, 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 200-ാം വകുപ്പും 1994 ലെ കേരളാ മുനിസിപ്പാലിറ്റി ആക്ടിലെ 230-ാം വകുപ്പും ഭേദഗതി ചെയ്യുന്നതിനുള്ള നിയമ നിർമ്മാണം നടത്തേണ്ടതാണ്.

57. മെച്ചപ്പെട്ട രീതിയിൽ നികുതി പിരിക്കുന്ന പ്രാദേശിക സർക്കാരുകൾക്ക് റവന്യൂ പിരിവിന്റെ കാര്യക്ഷമതയുടെ അടിസ്ഥാനത്തിൽ ഉചിതമായ പ്രോത്സാഹനം നൽകണമെന്ന് കമ്മീഷൻ ശുപാർശ ചെയ്യുന്നു. ഗ്രാമ പഞ്ചായത്തുകൾ അവർക്ക് മുൻ വർഷം (t-1), ലഭിക്കേണ്ട നികുതിയുടെ 97% വസൂലാക്കിയിട്ടുണ്ടെങ്കിൽ റവന്യൂ കളക്ഷൻ ഇൻസെന്റീവ് ബോണസായി ഗ്രാമപഞ്ചായത്ത് ഒന്നിന് 5 ലക്ഷം രൂപ നൽകേണ്ടതാണ്. നഗരസഭകൾ ഇപ്രകാരം 95% നികുതി വസൂലാക്കിയിട്ടുണ്ടെങ്കിൽമുനിസിപ്പാലിറ്റി ഓരോന്നിനും 10 ലക്ഷം രൂപയും മുനിസിപ്പൽ കോർപ്പറേഷനുകൾക്ക് ഓരോന്നിനും 12.50 ലക്ഷം രൂപയും റവന്യൂ ഇൻസെന്റീവ് ബോണസായി നൽകേണ്ടതാണ്. ഖണ്ഡിക 7.43 ൽ വിശദീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ അനുസരിച്ച് ആയിരിക്കും റവന്യൂ കളക്ഷൻഇൻസെന്റീവ് ബോണസ് വിതരണം നടത്തുക .

58. ഗ്രാമ പഞ്ചായത്തിലെ നികുതി പിരിവ് പ്രവർത്തനങ്ങളുടെ ചുമതല അസിസ്റ്റന്റ് സെക്രട്ടറിമാരെ ഏൽപ്പിക്കാൻ കമ്മീഷൻ നിർദ്ദേശിച്ചു. ഗ്രാമപഞ്ചായത്തുകളിലെ നികുതിയുടെ ഡിമാന്റും പിരിവും സംബന്ധിച്ച വിവരങ്ങൾ ഓരോ ആഴ്ചയും അവലോകനം ചെയ്യുന്നതിനും ഇതു സംബന്ധിച്ച വിവരങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കുന്നതിനുമുള്ള ചുമതലയും അസിസ്റ്റന്റ് സെക്രട്ടറിയെ ഏൽപ്പിക്കാൻ നിർദ്ദേശിച്ചു.

സെക്ഷൻ ഓഫീസർ